**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **27-07-2021 - ൽ മറുപടിയ്ക്ക്**

**കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി 'പാഠം ഒന്ന് പാടത്തേക്ക്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നതല്ലാതെ കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം സർക്കാർ ആലോചിക്കുന്നതാണ്. എങ്കിലും പ്രൈമറി, ഹൈസ്കൂൾ ക്ലാസ്സുകളിലെ ശാസ്ത്രം, സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിൽ കേരളത്തിലെയും ഇന്ത്യയിലെയും കൃഷി രീതികളെക്കുറിച്ചും വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിൽ കൃഷി ചെയ്യുന്ന വിളകൾ, അവയുടെ വളർച്ചയ്ക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി 'പാഠം ഒന്ന് പാടത്തേക്ക്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നതല്ലാതെ കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം സർക്കാർ ആലോചിക്കുന്നതാണ്. എങ്കിലും പ്രൈമറി, ഹൈസ്കൂൾ ക്ലാസ്സുകളിലെ ശാസ്ത്രം, സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിൽ കേരളത്തിലെയും ഇന്ത്യയിലെയും കൃഷി രീതികളെക്കുറിച്ചും വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിൽ കൃഷി ചെയ്യുന്ന വിളകൾ, അവയുടെ വളർച്ചയ്ക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ